# *ചില കൊച്ചുകൊച്ചു ഭാഷാപ്രശ്നങ്ങൾ*

*[എഴുത്തുകാരെയും ഭാഷയിൽ താല്പര്യമുള്ളവരെയും മുന്നിൽക്കണ്ട് തയ്യാറാക്കിയ ലേഖനം]*

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)**

[കുറിപ്പ്: ഇതു ഗവേഷണസ്വഭാവമുള്ള (ഒരു) ലേഖനമാണ്. സ്വന്തം കണ്ടെത്തലുകൾക്കു പൂർവ്വവിജ്ഞാനം അകമ്പടി സേവിക്കും.]

കൃത്യമായ ഭാഷ എഴുതുന്നത് വലിയ കാര്യമൊന്നുമല്ലെന്നു കരുതുന്ന ഭൂരിപക്ഷത്തിനിടയിൽ ഭാഷാശുദ്ധീസംരക്ഷണം അപ്രധാനമല്ലെന്നു വിശ്വസിക്കുന്ന ന്യൂനപക്ഷം എക്കാലവും ഭൂമുഖത്ത് സഹവർത്തിച്ചിട്ടുണ്ട്. ഈ പ്രധാനകാര്യം നടപ്പിലാക്കാൻ ചുരുക്കം എഴുത്തുകാരും പ്രസാധകരും മാത്രമേ ശ്രദ്ധവെക്കാറുള്ളു (ശ്രദ്ധിക്കാറുള്ളൂ).

വായനയ്ക്കും എഴുത്തിനുമിടയിൽ കണ്ടെത്തിയ – എന്നെ നേരിട്ടതും എല്ലാവരെയും അഭിമുഖീകരിച്ചതുമായ – ചില ഭാഷാപ്രശ്നങ്ങളെക്കുറിച്ചും സാഹിത്യരചനയെസംബന്ധിച്ചും സാമൂഹ്യവിഷയങ്ങളെപ്പറ്റിയും ചെറുതുംവലുതുമായ ലേഖനങ്ങൾ പോയവർഷങ്ങളിൽ ഞാൻ പ്രസിദ്ധീകരിച്ചിരുന്നു. അവയിൽ ചിലത് ഇവയാണ് (ഇവ):

*1. അവരുടെ അങ്കുശവും നമ്മുടെ ചാപല്യവും*

*2. അമേരിക്കൻ മലയാളിയുടെ ദ്വിത്വപ്രതിസന്ധി*

*3. അമേരിയ്ക്ക എപ്പോൾ അമേരിക്കയായി?*

*4. എഴുത്തിലെ പദദൂരവ്യവസ്ഥകളും ഭാഷാചാലകതന്ത്രത്തിലെ ചില അവസ്ഥകളും*

*5. കഥയും കഥന-കഥാവശേഷ ചിന്തകളും*

*6. സംഘടനകൾ വിഘടിക്കുന്നത് എന്തുകൊണ്ട്?*

ഭാഷാപരമായ പലവകക്കാര്യങ്ങളാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്. ഒറ്റനോട്ടത്തിൽ ഇതൊക്കെ വലിയ കാര്യമാണോയെന്നു തോന്നാമെങ്കിലും, എഴുത്തിനെ കൂടുതൽ ശുദ്ധീകരിച്ചുതിളക്കി പരിപൂർണ്ണതയിലേക്കു ചരിക്കാനും, ഭാഷയ്ക്കു ദാർഢ്യം കൂട്ടാനും ആഗ്രഹിക്കുന്ന എഴുത്തുകാർക്കും പ്രസാധകർക്കും ഈ കുറിപ്പുകൾ പ്രയോജനപ്പെടുമെന്നു ആശിക്കട്ടെ.

ഭാഷ പഠിക്കാനാരംഭിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വസ്തുതകളല്ല ഇവ. പലതും മുൻകാല ഭാഷാശാസ്ത്രജ്ഞർ നിരീക്ഷിച്ചിട്ടില്ലെന്നുമില്ല. എന്നാൽ, ആ സംഹിതകളുടെ ഉണ്മ ഗ്രഹിച്ച് പ്രയോഗത്തിൽ വരുത്താൻ ഒരു ന്യൂനപക്ഷം മാത്രമേ തയ്യാറെടുക്കുന്നുള്ളു. വിദ്യാസമ്പന്നരും പണ്ഡിതരും ഉപയോഗിക്കുന്ന രീതികളാണ് ഭാഷയിലെ നിയമങ്ങളായി പരിണമിക്കുന്നത്.

എഴുതുന്ന സമയത്ത്, ഇതാണോ അതാണോ വേണ്ടത്, ഈ രൂപമാണോ ആ രൂപമാണോ ഉപയോഗിക്കേണ്ടത് എന്ന് എപ്പോഴെങ്കിലും ശങ്കയുണ്ടായിട്ടുണ്ടെങ്കിൽ അവിടെ

ഭാഷാ-വ്യാകരണപ്രശ്നമുണ്ടെന്നു ഉറപ്പിക്കാം. കണ്ടിട്ടും കണ്ണടയ്ക്കുന്ന എഴുത്തുകാരും ഭാഷാസ്നേഹികളും ഭാഷാപോഷണത്തിനു കൈത്താങ്ങല്ലെന്നു പറഞ്ഞുവെച്ച് വിഷയം ക്രോഡീകരിക്കാം:

## 1. വിഭക്തി പ്രത്യയങ്ങളിലെ ഹ്രസ്വദീർഘങ്ങൾ:

**(i) "എ", "ഏ" ഉപയോഗിക്കാനുള്ള നിയമങ്ങൾ:** പ്രതിഗ്രാഹിക, സംബന്ധിക, സംബോധിക എന്നീ വിഭക്തികളാണല്ലോ "എ", "ഏ" എന്നിവയിൽ അവസാനിക്കാറ്: പ്രതിഗ്രാഹികയ്ക്കും, സംബന്ധികയ്ക്കും ഹ്രസ്വ "എ"യാണ് വേണ്ടത്; സംബോധികയ്ക്ക് ദീർഘ "എ (ഏ)"യും. ഉദാഹരണമായി, "കുമാരനെ", "കുമാരിയെ" എന്നിങ്ങനെ ഹ്രസ്വമായാണ് പ്രതിഗ്രാഹികാ-സംബന്ധികകളിലെ ശരിയായ രൂപം; "കുമാരനേ", "കുമാരിയേ" എന്നിങ്ങനെയല്ല. അതുപോലെ "സീതെ" എന്നു സംബോധികയിൽ വിളിക്കാറുമില്ലല്ലോ – "സീതേ" എന്നത് ശരിയായ രൂപം. "എ" യിൽ അവസാനിക്കുന്ന വിഭാക്ത്യാഭാസങ്ങളിൽ – കാട്ടിലെ, സമയത്തെ മുതലായവ – ഹ്രസ്വമാണ് പതിവ്. "വീട്ടിലേ താമസിക്കു" തുടങ്ങിയ പ്രയോഗങ്ങളിൽ അർത്ഥമാറ്റം സൂചിപ്പിക്കാൻ "വീട്ടിലേ" എന്നു ദീർഘിപ്പിക്കണം.

**(ii) പ്രശ്നദ്യോതകമായ "ഓ"യും കേവലദ്യോതകമായ "ഏ" യും:** പ്രശ്നദ്യോതകമായ "ഓ" ഒരു വാക്കിനോടു ചേർക്കുമ്പോൾ ദീർഘമാണ് നിയമം. കേവലദ്യോതകമായ "ഏ" യും ദീർഘമാകും. ഉദാ: "തെറ്റോ ശരിയോ എന്നറിയില്ല"; "ഓ! എനിക്കു വേണ്ട"; "ഏ, വല്ലതും പറഞ്ഞോ?"

## 2. "ന, നു, ന്ന, ന്നു" വരുന്ന സന്ദർഭങ്ങൾ:

"മിത്രൻ, ചിത്രൻ" എന്ന രണ്ടുപേരെ നിർദ്ദേശികാവിഭക്തിയായും ഉദ്ദേശികാവിഭക്തിയായും ഉപയോഗിക്കേണ്ട സമയങ്ങളിൽ "ന, ന്ന" എന്നീ അന്തരം കാണിക്കേണ്ടിവരും. ഉദാഹരണങ്ങൾ സംസാരിക്കട്ടെ:

"മിത്രനും ചിത്രനും പാഞ്ഞാളിൽ യാഗത്തിനു പോയി". നിർദ്ദേശികയോട് ഘടകദ്യോതകമായ "ഉം" ചേർത്തിരിക്കുന്നു, ഇവിടെ.

"മിത്രന്നും ചിത്രന്നും സംഗീതമത്സരത്തിൽ സമ്മാനം കിട്ടി". ഉദ്ദേശികയോട് "ഉം" ചേർത്തിരിക്കുന്നു. ഒരാളാണെങ്കിൽ, മിത്രന്നു (അല്ലെങ്കിൽ മിത്രന്ന്) സംഗീതമത്സരത്തിൽ സമ്മാനം കിട്ടി എന്നെഴുതാം. "ന്നു, ന്ന്" എന്നീ വേർതിരിവ് മറ്റൊരു കാര്യം. ഇംഗ്ലീഷിലാണെങ്കിൽ Mithran and Chithran എന്നേ രണ്ടവസരങ്ങളിലും എഴുതേണ്ടൂ. കവിതയിൽ താളത്തിനുവേണ്ടി നീക്കുപോക്കുകൾ ആവശ്യമായി വന്നേക്കാമെങ്കിലും ഗദ്യത്തിൽ ഈ മാറ്റം വ്യക്തമാക്കാവുന്നതാണ്.

## 3. "നിന്ന്, നിന്നും" എന്നിവയുടെ ഉപയോഗം:

"നിന്ന്" എന്നത് ഒരു ഗതിദ്യോതകമാണ്.

കൊട്ടാരത്തിൽനിന്ന് രത്നങ്ങൾ മോഷണം പോയി (രാജാവ് പറയുന്നത്).

കൊട്ടാരത്തിൽനിന്നും രത്നങ്ങൾ മോഷ്ടിച്ചു (കള്ളൻ പറയുന്നത്).

## 4. "ഇ, എ" എന്നീ സ്വരങ്ങൾ മാറ്റി ഉപയോഗിക്കുന്നത്:

**തി**രഞ്ഞെടുപ്പ്, **തെ**രഞ്ഞെടുപ്പ് എന്നിവയിൽ ഏതാണു ശരിയെന്ന് ഇപ്പോഴും ചർച്ചചെയ്യുന്നതു കേൾക്കാറുണ്ട്, മുഖ്യ നിഘണ്ടുകളിൽ രണ്ടു രൂപങ്ങളും ശരിയെന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും. അതുകൊണ്ടാണ് "തിരഞ്ഞെടുത്ത കവിത"കളും "തെരഞ്ഞെടുത്ത കഥകളും" കമ്പോളത്തിൽ കാണുന്നത്.

"എങ്ങിനെ, എങ്ങനെ; അങ്ങിനെ, അങ്ങനെ; ഇങ്ങിനെ, ഇങ്ങനെ" എന്നിങ്ങനെ അച്ചടിയിൽ കാണാറുള്ളതും അതുകൊണ്ടാണ്. "എങ്ങിനെ നീ മറക്കും കുയിലേ ..." എന്ന് ഭാസ്കരൻ കുറിച്ചത് അബ്ദുൾ ഖാദർ പാടിപ്പതിപ്പിച്ചതുകൊണ്ടോ എന്നറിയില്ല, "എങ്ങിനെ"യെന്ന പ്രയോഗമാണ് എനിക്കു പഥ്യം! പ്രാദേശിക രുചിഭേദവും ഒരു ഘടകമായിരിക്കാം. അംഗീകൃത ഭാഷായേകീകരണ കമ്മിറ്റികളാണ് ഇത്തരം ചോദ്യങ്ങൾക്കുത്തരം കണ്ടെത്തേണ്ടത്.

## 5. വ്യഥാസ്ഥൂലത വെടിഞ്ഞു ഭാഷയ്ക്കു മൂർച്ച കൂട്ടൽ:

വായിച്ചും, കേട്ടും, വായിച്ചുപഠിച്ചും, കേട്ടുപഠിച്ചും ധാരാളം അനാവശ്യപദങ്ങൾ നാം എഴുത്തുഭാഷയിൽ ഉപയോഗിക്കുന്നുണ്ട് (ഉപയോഗിക്കുന്നു). അത്തരം വാക്കുകൾ ഒഴിവാക്കിയാൽ ഗദ്യത്തിനു ശക്തിയേറുക മാത്രമേയുള്ളൂ. പലപ്പോഴും, വിശേഷാർത്ഥം ഉദ്ദേശിക്കുന്നില്ലെങ്കിൽ വാചകങ്ങളെ മുറിച്ചു കൂർപ്പിക്കാം; അറുത്തു ശക്തിപ്പെടുത്താം. മുൻവാചകത്തിൽ, ഒരു പക്ഷെ, "ഉപയോഗിക്കുന്നു", "ശക്തിയേറും" എന്നിങ്ങനെ പ്രധാനക്രിയയെ (മുറ്റുവിന) മാറ്റാൻ കഴിയുന്നതാണ്. എന്നാൽ, അർത്ഥഭേദം കാണിക്കേണ്ട അവസരങ്ങളിൽ ഇവ നിലനിറുത്തേണ്ടത് അനിവാര്യവുമാണ്. "അനിവാര്യവുമാണ്" എന്നതിനു പകരം "അനിവാര്യം" എന്നെഴുതിയാലും ക്രിയയ്ക്കു ഊന്നൽ കിട്ടും.

"പോയിക്കൊണ്ടിരിക്കുന്നതായ" എന്ന പ്രയോഗം, വേണമെങ്കിൽ, "പോയിക്കൊണ്ടിരിക്കുന്ന", "പോയിരിക്കുന്ന", "പോകുന്ന" തുടങ്ങിയ കത്രിക്കൽവഴി (എഡിറ്റിങ്ങ് വേളയിൽ) *സന്ദർഭമനുസരിച്ച്*, വ്യഥാസ്ഥൂലത ഒഴിവാക്കാൻ കഴിഞ്ഞേക്കും (ഒഴിവാക്കാം). എന്നാൽ പ്രയോഗമാധുര്യം നഷ്ടപ്പെടുത്തുകയുമരുത് (നഷ്ടപ്പെടുത്തരുത്).

ഇംഗ്ലീഷിലെ വിവിധ കാലരൂപങ്ങൾ (tenses) കാണിക്കാൻ ക്രിയയോടു പല പദങ്ങളും ചേർന്നുവരുമല്ലോ (ചേരുമല്ലോ). സാധൂകരിക്കാൻ, have gone, had been thinking, can work എന്നീ പ്രയോഗങ്ങൾ കാണുക. മലയാളത്തിൽ കാലഭാവങ്ങൾ സൃഷ്ടിക്കുന്നത് "അനു"പ്രയോഗങ്ങളിലൂടെയാണ് [അർത്ഥഭേദം ജനിപ്പിക്കാൻ ക്രിയാന്ത്യം ചേർക്കുന്ന മറ്റു ക്രിയകളാണ് അനുപ്രയോഗങ്ങൾ. ദ്യോതകങ്ങൾ ഇവയെ ബന്ധിപ്പിക്കുന്നു]. ഉണ്ട് (ഉൾ, ഉള്ള, ...), കൊണ്ട് (കൊൾ എന്ന ധാതുവിന്റെ പിൻവിനയെച്ചരൂപം), മതി, ആകുക (ആണ്), ഇരിക്കുന്നു, പോകുക, വെക്കുക, തീരുക, വരിക, ഇടുക, ചെയ്യുക, കഴിയുക, (can എന്ന അർത്ഥത്തിൽ) എന്നിവയും, അവയുടെ വ്യത്യസ്തരൂപങ്ങളും സംയോഗങ്ങളുമാണ് ഭാഷയിൽ ഈ ജോലി നിർവ്വഹിക്കുന്നത്.

ഉദാഹരിക്കാം: "ആകുക" എന്ന അനുപ്രയോഗം എങ്ങിനെയൊക്കെ ക്രിയാരൂപങ്ങൾ കൈവരിക്കുന്നുയെന്നു (കൈവരിക്കുന്നെന്നു) നോക്കുക:

മുറ്റുവിന (പൂർണ്ണക്രിയ): ആകുന്നു, ആയി, ആകും (നിർദ്ദേശകം: വർത്തമാനം, ഭൂതം, ഭാവി)
ആകട്ടെ, ആക്, ആകു, ആയാലും (നിയോജകം)
ആകണം (വിധായകം)

ആകാം (അനുജ്ഞായകം)

പറ്റുവിന (അപൂർണ്ണക്രിയ): പേരെച്ചം – ആകുന്ന, ആയ, ആകും (നിർദ്ദേശകം)
ആകേണ്ടുന്ന, ആകേണ്ടിയ, ആകേണ്ടും (വിധായകം)
ആകാവുന്ന (അനുജ്ഞായകം)
വിനയെച്ചം – ആയിട്ട് (മുൻവിനയെച്ചം)
ആകാൻ, ആകുവാൻ (പിൻവിനയെച്ചം)
ആക, ആകവേണം (കേവലരൂപം)
ആകെ, ആകവേ (തൻരൂപം)
ആയ (അനവച്ഛേദകം)
ആകിൽ, ആകുകിൽ (പാക്ഷികരൂപം)

ഇത്രയും രൂപങ്ങൾ മനസ്സിലാക്കിയാൽ കാലപ്രമാണങ്ങൾ മുഴുവനുമായി.
ഇനി, "ഉൾ, കൊൾ, മതി, ഇരിക്കുക, തീരുക, വരിക, വെക്കുക, പോകുക, ഇടുക, ചെയ്യുക, കഴിയുക" എന്നിവയുടെ എല്ലാ രൂപങ്ങളും സ്വയം ഉണ്ടാക്കുക.

വ്യാകരണപുസ്തകങ്ങളിൽ ഉറങ്ങുന്ന സവിശേഷതകളെ വീണ്ടും ഉണർത്താൻ കാരിയമെന്തേ? എഴുത്തുഭാഷയിലെ ദുർമ്മേദസ്സായ "വ്യഥാസ്ഥൂലത" മനസ്സിലാക്കാൻ ഇതത്യാവശ്യം. മുകളിൽ വിസ്തരിച്ച ക്രിയാരൂപങ്ങൾ കൂടിച്ചേരുന്ന പ്രയോഗങ്ങളാണ് വ്യഥാസ്ഥൂലതയ്ക്കു മുഖ്യഹേതു. അവയുടെ പെർമ്യൂട്ടേഷനും കോമ്പിനേഷനുമാണ് വാചകാന്ത്യങ്ങളായി പരിണമിക്കുന്നത് (വാചകാന്ത്യങ്ങളാകുന്നത്).

"ആകുക, ആയിരിക്കുക, ആയിത്തീരുക, ആയിവരിക, ആയിട്ടുണ്ട്, ആകുന്നുണ്ട്, ആയിക്കഴിഞ്ഞ, മതിയായ, ആയിപ്പോയി" എന്നീ അനുപ്രയോഗങ്ങൾ ക്രിയയുടെ കാലരൂപങ്ങൾക്കു നിദർശനമാകുന്നു. ഇത്രയും രൂപങ്ങൾ വേണ്ടതുതന്നെയാണ്; എന്നാൽ, ഇവയുടെ "മാല"പ്രയോഗം വ്യഥാസ്ഥൂലതയായി അനുഭവപ്പെട്ടേക്കാം.

ആയിക്കൊണ്ടിരിക്കുക, ആയിക്കൊണ്ടിരിക്കുകയായിരുന്ന, ആയിട്ടുണ്ടായിക്കൊണ്ടിരിക്കുന്നതായ തുടങ്ങിയ രീതി, പ്രത്യേകിച്ചും, പണ്ടത്തെ അദ്ധ്യാപകരുടെ ഭാഷയിൽ സുലഭമായിരുന്നു. രാഷ്ട്രീയപ്രസംഗങ്ങൾ വൈകൃതത്തിന്റെ നെല്ലിപ്പടിയിലേക്കു നമ്മെ നയിച്ചു. പത്രക്കാരത് അപ്പടി റിപ്പോർട്ടു ചെയ്തു. നാമത് കേട്ടും, പഠിച്ചും, ഉപയോഗിച്ചും വാക്യങ്ങളുടെ വാലറ്റം വികൃതമാക്കാക്കി.

ക്രിയയുടെ തെറ്റായ ഉപയോഗം വാക്യത്തിന്റെ ഉദകക്രിയയ്ക്കു തുല്യം.

ഓണത്തിന് കാമുകൻ അവൾക്ക് എഴുത്ത് കൊടുത്തു.
ഓണത്തിനാണ് കാമുകൻ അവൾക്ക് എഴുത്ത് കൊടുത്തത്.
ഓണത്തിന് അവൾക്കാണ് കാമുകൻ എഴുത്ത് കൊടുത്തത്.
ഓണത്തിന് കാമുകൻ അവൾക്ക് എഴുത്താണ് കൊടുത്തത്.
എല്ലാ ഓണത്തിനും കാമുകൻ അവൾക്ക് എഴുത്ത് കൊടുത്തുകൊണ്ടിരുന്നു.
ഞാൻ ഓണത്തിനു ചെന്നപ്പോൾ, കാമുകൻ അവൾക്ക് എഴുത്ത് കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു.

മുകളിലെ വാചകങ്ങളിൽനിന്നും കർത്താവ്, കർമ്മം എന്നിവയുടെ പദവിന്യാസമനുസരിച്ച് ക്രിയയ്ക്കു രൂപഭേദം സംഭവിക്കുന്നെന്നു കാണാം.

... എഴുത്തു കൊടുക്കുന്നു [വസ്തു-സ്ഥിതികഥനം].
... എഴുത്തു കൊടുക്കുന്നുണ്ട് [വസ്തു-സ്ഥിതികഥനവും പ്രതീക്ഷാസാഫല്യസൂചനയും].

പൂർണ്ണക്രിയയിലെയും അപൂർണ്ണക്രിയയിലെയും വാലറ്റങ്ങൾ ഓരോ അർത്ഥദൌത്യം നിർവ്വഹിക്കുന്നു (വാലറ്റങ്ങൾക്ക് ഓരോ അർത്ഥദൌത്യമുണ്ട്). മുകളിൽ ക്രിയാരൂപങ്ങൾ വിവരിച്ചപ്പോൾ ബ്രേക്കറ്റിൽ കൊടുത്തിരുന്ന പേരുകളിൽ ആവ ഉരുത്തിരിക്കുന്ന ഫലസൂചനയുണ്ടായിരുന്നു (നിർദ്ദേശകം, നിയോജകം എന്നിങ്ങനെ). അനുപ്രയോഗങ്ങളുടെ അനന്തസംയോഗം അപ്രതീക്ഷിത അർത്ഥങ്ങളും അനർത്ഥങ്ങളും സൃഷ്ടിക്കുന്നു.

ക്രിയയുടെ കാലഭേദമനുസരിച്ചുള്ള രൂപങ്ങൾ തിരഞ്ഞെടുക്കുന്ന സന്ദർഭങ്ങളിലാണ്, അറിയാതെ വ്യഥാസ്ഥൂലതയും ഭവിക്കുന്നത്. ഇവ കണ്ടുപിടിച്ചു നിഷ്കാസനംചെയ്താൽ എഴുത്തുഭാഷയ്ക്കു മൂർച്ചകൂടും. ബോധപൂർവ്വമായ തിരുത്തലും ശുദ്ധീകരണവും ചാക്രിക സ്വഭാവമുള്ള നവീകരണപ്രക്രിയയ്ക്കു എല്ലാവർക്കും അഭികാമ്യമാണ്.

## 6. പുനരുക്തി ദോഷം വ്യഥാസ്ഥൂലതയ്ക്കു കാരണമാണ്:

വാക്കുകൾ അനാവശ്യമായി “വീണ്ടുംപറയ”ലാണ്, അർത്ഥം ഭവിച്ചിട്ടും ആവർത്തിക്കലാണ്, പൌനരുക്ത്യത്തിന്റെ ഒരു ലക്ഷണം. ഈ വാചകത്തിലെ “ഭവിച്ചിട്ടും” എന്നത് “വന്നുഭവിച്ചിട്ടും” എന്നും “ആവർത്തിക്കലാണ്” എന്നത് “വീണ്ടും ആവർത്തിക്കലാണ്” എന്നും എഴുതുമ്പോൾ നാം ഈ ദോഷത്തിനു അടിമപ്പെടുന്നു. “അർത്ഥം ഭവിച്ചിട്ടും ആവർത്തിക്കലാണ്” എന്ന ഖണ്ഡം ബോധപൂർവ്വം നിർവ്വചനവീര്യത്തിനായി ചേർത്തിരിക്കുന്നു.

മാരാരുടെ “*മലയാളശൈലി*”ക്കുശേഷം ഈ വിഷയം ധീരമായും വിശാലമായും ചിന്തിച്ചത് വാസുദേവഭട്ടതിരിയുടെ “*നല്ല മലയാള്*”മാണ്. മാരാരുടെ അഭിപ്രായങ്ങളെത്തന്നെ ഇതിൽ കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടുണ്ട്. ഒപ്പം, മാരാർ ചൂണ്ടിക്കാണിച്ച പല വ്യഥാസ്ഥൂലതാസന്ദർഭങ്ങളും ആവർത്തിച്ചിട്ടുമുണ്ട്. പന്മന രാമചന്ദ്രൻനായരുടെ “*തെറ്റില്ലാത്ത മലയാള്*”വും “*തെറ്റും ശരിയും*” എന്നീ പുസ്തകങ്ങളും, ഈ വിഷയം പുതിയ ഉദാഹരണങ്ങളോടെ ഹാസ്യമായി വികസിപ്പിച്ചിരിക്കുന്നു. മാരാരുടെ മൌലികത എല്ലാവർക്കും ചിന്തിക്കാനുള്ള അതുല്യമായ ചട്ടക്കൂടു സമ്മാനിച്ചു.

പൊതുഗുണപാഠമിതാണ്: നാം നിർവ്വചിച്ച മൂല്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു; (സനാതന)“സത്യം”മാത്രം സ്ഥിരം – മോഡലിങ്ങുകാർ പറയുമ്പോലെ, ഫേഷൻ മാറിക്കൊണ്ടിരിക്കും; സ്റ്റൈൽ സ്ഥിരമായി നിൽക്കും. വാസ്തവത്തിൽ, ഇന്നത്തെ “നല്ലമലയാളം” നാളത്തെ “ചീത്തമലയാള”മായി മാറുന്നു [“നല്ലതായ മലയാളം” നാളത്തെ “ചീത്തയായ മലയാള”മായി മാറുമെന്നു പറയേണ്ട].

ഭട്ടതിരി, വാക്യഖണ്ഡങ്ങളിലും വാക്യങ്ങളിലും പ്രത്യയങ്ങളിലും പുനരുക്തിദോഷം എപ്രകാരം കടന്നുകൂടുന്നുവെന്നു (കടന്നുകൂടുന്നെന്നു) ഭംഗിയായി വിശകലനം ചെയ്തിരിക്കുന്നു (“വിശകലനം” സ്വയംഭൂവായ നാമമാണ്; ക്രിയാരൂപമുണ്ടാക്കാൻ “ചെയ്യുക” ചേർക്കാതിരിക്കാൻവയ്യ [ചേർക്കേണ്ടതാണ്]).

**(I) നാമങ്ങളുടെ വാലറ്റം:**

നാമത്തോടു വിഭക്തിയും ഗതി-ഘടകദ്യോതകങ്ങളും ചേർത്ത് വാക്യത്തിൽ അർത്ഥബോധം കുത്തിവെക്കുന്നു. ഈ "അന്വയസമീക്ഷ"യ്ക്കിടയിൽ നാനാവിധം പുനരുക്തിദോഷങ്ങൾ വരുന്നു/കടക്കുന്നു [വന്നുചേരുന്നു/കടന്നുകൂടുന്നു: ഇത്തരം വാക്യഖണ്ഡങ്ങൾ അത്യന്താപേക്ഷിതമെങ്കിലേ ഉപയോഗിക്കേണ്ടൂ].

താഴെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക:
കളി ആവശ്യമായതുകൊണ്ട് ഗ്രൌണ്ടിൽ പോയി.
കളിക്കാൻ വേണ്ടി ഗ്രൌണ്ടിൽ പോയി.
കളിക്കാനായി ഗ്രൌണ്ടിൽ പോയി.
കളിക്കാൻ ഗ്രൌണ്ടിൽ പോയി.

"കളിക്കാൻ" എന്നത് "കളിക്കുക" എന്ന ക്രിയയുടെ പിൻവിനയെച്ചമാണല്ലോ. അത് "പോയി" എന്ന ക്രിയയോടു ചേർക്കുന്നതിനിടയിൽ അറിയാതെ പാഴ്വാക്കുകൾ ചെലുത്തുന്നു. കളി ചികിത്സയാകുമ്പോൾ, ഒരുപക്ഷേ, ആദ്യവാചകം ശരിയാകാം. വിഭക്തിപരിഷ്കാരകങ്ങളായ (ഗതിദ്യോതകം) "കൊണ്ട്, നിന്ന്, വെച്ച്, കുറിച്ച്, പറ്റി, മുതൽ, തൊട്ട്, വേണ്ടി, മാത്രം, ആയിട്ട്" തുടങ്ങിയവ നാമങ്ങളോടു ചേർക്കുമ്പോൾ ഇത്തരം ദോഷങ്ങൾ വരുന്നു.

നാമങ്ങളിൽനിന്നു വിശേഷണങ്ങൾ സൃഷ്ടിക്കുമ്പോഴും അനാവശ്യ പ്രയോഗങ്ങൾ നുഴഞ്ഞു കയറാം. "നല്ലതായ മലയാള"വും "ചീത്തയായ മലയാള"വും, "നല്ലമലയാള"ത്തിനും "ചീത്തമലയാള"ത്തിനും പകരക്കാരാകുന്നത് അങ്ങിനെയാണ്.

### (II) നാമവും ക്രിയയും ചേരുമ്പോൾ:

ക്രിയാനാമങ്ങളെ ക്രിയയാക്കി മാറ്റുന്നതിനു പകരം, അസ്സൽ ക്രിയാരൂപംതന്നെ ഉപയോഗിക്കുക – "ചെയ്യുക, ചെലുത്തുക, എടുക്കുക, ആവശ്യമാകുക" തുടങ്ങിയ ക്രിയകൾ ക്രിയാനാമാങ്ങളോടുചേർത്ത് വ്യർത്ഥസ്ഥൂലത വരുത്താതെ. "ഭക്ഷിക്കുന്നു"യെന്നതിനു പകരം "ഭക്ഷണം കഴിക്കുന്നു" എന്നും, "അദ്ധ്വാനിക്കുന്നു" എന്നതിനു പകരം "അദ്ധ്വാനം ചെയ്യുന്നു" എന്നും എഴുതുമ്പോൾ, ക്രിയാനാമത്തിൽനിന്ന് വീണ്ടും ക്രിയാപദം സൃഷ്ടിക്കുകയാണ് (സൃഷ്ടിക്കയാണ്). "നുണ പറയേണ്ട" എന്നതിനു "നുണ പറയേണ്ട ആവശ്യമില്ല" എന്നെഴുതാൻ പ്രേരിപ്പിക്കുന്നത് അന്യഭാഷാസ്വാധീനമാകാം.

### (III) അർത്ഥം സിദ്ധിച്ചിട്ടും ആവർത്തിക്കൽ:

ഇത് രണ്ടുതരത്തിൽ കാണുന്നു: പദമിരട്ടിപ്പും പ്രയോഗ(പ്രത്യയ)മിരട്ടിപ്പും.

**(a) പദമിരട്ടിപ്പ്:** ചൂർണ്ണപ്പൊടി, ഗേറ്റുപടി മുതലായ പ്രശസ്തോദാഹരണങ്ങൾ സുപരിചിതം. മുൻഗാമികൾ കൊയ്ത മറ്റുദാഹരണങ്ങൾ: അന്യോന്യം തമ്മിൽ; തമ്മിൽ പരസ്പരം; കേവലം മാത്രം; കൃത്യനിഷ്ഠ; പൂർത്തി തികഞ്ഞ; മറ്റു ഗത്യന്തരം; എകയൊരുത്തി; ബലസിദ്ധി; പൊടിഭസ്മം; വിവിധങ്ങളായ പല; ബാക്കി ശേഷിച്ചവ, അർദ്ധപകുതി; നടുമദ്ധ്യം; ആകെമൊത്തം.

**(b) പ്രയോഗമിരട്ടിപ്പ്:** "എല്ലാ മാസംതോറും", "അയ്യഞ്ചുവീതം" തുടങ്ങിയ പൌനരുക്ത്യങ്ങൾ കേട്ടും വായിച്ചും പഴകിയതിനാൽ ഉപയോഗത്തിൽ ധാരാളമുണ്ട്.
എല്ലാമാസവും/മാസംതോറും; അയ്യഞ്ച്/അഞ്ചുവീതം എന്നിവയിൽ ഒന്നുമാത്രമേ

ഉപയോഗിക്കേണ്ടതുള്ളൂ (ഉപയോഗിക്കേണ്ടൂ) എന്നറിയാമെങ്കിലും ശീലപ്പഴക്കം വഴിത്തെറ്റിക്കുന്നു. മാരാർക്കുമുമ്പേ ഇത്തരം ഗുണദോഷവിചാരങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ആവർത്തനദോഷം തുടർക്കഥയാകുന്നു.
"ഞാൻ (എന്നെ) വിളിച്ചവരെ തേടിനടക്കുകയാണ്" എന്നതിൽ, "എന്നെ" ഒഴിവാക്കാവുന്നതാണ്. ഇത്തരം വൈകല്യങ്ങൾ എഴുത്തിൽനിന്നും അകറ്റുന്നത് കൈവല്യദായകം!

ഭാഷാശാസ്ത്രസാഹിത്യത്തിൽനിന്നും കൂടുതൽ ഉദാഹരണങ്ങൾ [ഒഴിവാക്കാവുന്ന പദങ്ങൾ ബ്രേക്കറ്റിലോ, വെട്ടിത്തിരുത്തിയോ കാണിക്കുന്നു; ഇവിടെ ചൂണ്ടിക്കാണിക്കാത്ത രീതികളിലും തിരുത്താൻ കഴിയും]:

(i) ഉം...കൂടി/ഉം...പോലും/ഉം...തന്നെ: ഒട്ടും ~~തന്നെ/കൂടി/പോലും~~ ഇഷ്ടമില്ല
(ii) ഓട്ട്...എയ്ക്ക്: പടിഞ്ഞാറോ~~ട്ടേക്ക്~~ട്ട്
(iii) ഓരോ...തോറും/എല്ലാ...തോറും/ഓരോ...വീതം: ~~ഓരോ~~ നാടുതോറും/~~എല്ലാ~~ ഏകാദശിതോറും/ഓരോ വ്യക്തിയും പത്തുരൂപ~~വീതം~~ കൊടുക്കണം.
(iv) അതേ...തന്നെ/ഒരേ...തന്നെ: അതേ ഗുരു~~തന്നെയാണ്~~ (വാണ്)/ഒരേ ~~വിശ്വാസംതന്നെയുള്ള~~ (വിശ്വാസമുള്ള)
(v) ഏറ്റവും...ഏറിയ: ഏറ്റവും പ്രിയ~~മേറിയ~~ (പ്രിയമുള്ള) അമ്മയ്ക്ക്
(vi) ഏതാണ്ട്(ഏകദേശം)...ഓളം: ~~ഏതാണ്ട് (ഏകദേശം)~~ അമ്പതോളം വയസ്സായ സുന്ദരി
(vii) ഏകദേശം...പരം: ~~ഏകദേശം~~ നൂറിൽപരം
(viii) രോ...അഥവാ/രോ...അല്ലെങ്കിൽ: സമ്പന്നരോ ~~അല്ലെങ്കിൽ~~ ദരിദ്രരോ
(ix) എന്നാൽ...ആകട്ടെ: ഭർത്താവ് ഉയരമുള്ളവനാണ്; ~~എന്നാൽ,~~ ഭാര്യയാകട്ടെ, തടിയുള്ളവളും.
(x) യാതൊരു...തന്നെ: യാതോരാളുംതന്നെ വന്നില്ല (ആരുംതന്നെ വന്നില്ല).
(xi) കാൾ...കവിഞ്ഞ: ഇതിനേക്കാൾ ~~കവിഞ്ഞ~~ ഗുണമൊന്നും അതിനില്ല.
(xii) മറ്റൊരു...വേറെ: മറ്റൊരു കാര്യം വേറെയുണ്ട് (മറ്റൊരു കാര്യമുണ്ട്)
(xiii) തീർച്ചയായും...തന്നെ: തീർച്ചയായും ഇത് സ്വീകാര്യമല്ല~~തന്നെ~~.
(xiv) ഭേദം...നല്ലത്: ഇതു ചെയ്യുന്നതിലും ഭേദം ചെയ്യാതിരിക്കുകയാണല്ലോ ~~നല്ലത്~~.
(xv) കുറഞ്ഞത്...എങ്കിലും: അയാൾക്ക് ~~കുറഞ്ഞത്~~ തൊണ്ണൂറു വയസ്സെങ്കിലുമായി.
(xvi) സാധാരണ...പതിവ്: ~~സാധാരണയായി~~ അഞ്ചുമണിക്ക് എഴുന്നേൽക്കുകയാണു പതിവ്.
(xvii) കാരണം...കൊണ്ട്: വന്നതിനുകാരണം ഡോക്ടറെ കാണേണ്ടതുകൊണ്ടാണ് (വന്നത് ഡോക്ടറെ കാണേണ്ടതുകൊണ്ടാണ്/വന്നതിനുകാരണം ഡോക്ടറെ കാണേണ്ടതാണ്).
(xviii) വേറെയും...കൂടി: അവൾ വേറെയും രണ്ടു ഡിഗ്രികൾകൂടി എടുത്തിട്ടുണ്ട് (അവൾ വേറെയും രണ്ടു ഡിഗ്രികൾ എടുത്തിട്ടുണ്ട്/അവൾ രണ്ടു ഡിഗ്രികൾകൂടി എടുത്തിട്ടുണ്ട്).
(xix) കഴിഞ്ഞ്...ശേഷം: എത്തിക്കഴിഞ്ഞതിനു ശേഷമാണ് (എത്തിയതിനു ശേഷമാണ്/എത്തിക്കഴിഞ്ഞാണ്).
കൂടുതൽ ഉദാഹരണങ്ങൾ: നിഷ്ഫലമായ...പാഴ് വേല; കുശലപ്രശ്നം...ചോദിക്കുക; ലബ്ധപ്രതിഷ്ഠ...നേടുക; വീണ്ടും...ഒരിക്കൽക്കൂടി; ചെയ്തേക്കാവുന്ന...ഇടയുള്ള; താഴെ...അടിവരയിടുക; ആധിക്യം...ചെന്ന; പരമാവധി...വരെ; കണ്ണുകൾക്ക്...നയനാനന്ദകരം; സ്വയം...ആത്മഹത്യ; അത്ര...തോതിൽ; നൂറിനു...അമ്പതുശതമാനവും; ആശംസ...നേർന്നുകൊള്ളൽ; അറിയാനുള്ള...ജിജ്ഞാസ.

**(IV) ആയ/ഉള്ള എന്നിവയുടെ അതിപ്രസരം:**

തക്ക~~തായ~~; കണ്ട~~തായ~~; പറഞ്ഞ~~തായ~~; ഉണ്ടാക്കിയ~~തായ~~ [ആയ]
പാടുള്ളതല്ല (പാടില്ല) [ഉള്ള]

സ്വാഭാവികമായുള്ള ലൈംഗികാസക്തി (സ്വാഭാവികമായ ലൈംഗികാസക്തി) [“ആയ”യും, “ഉള്ള”യും]

### (V) വാക്കുകളുടെ സ്ഥാനം മാറ്റിയോ, ഒന്നുപേക്ഷിച്ചോ വ്യഥാസ്ഥൂലത കളയൽ:

“അവൾ ഭംഗിയായി രാഗം ആലപിച്ചു; എങ്കിലും, അയാൾക്കു തോന്നിയത് അങ്ങിനെയായിരുന്നില്ല”.
ഈ വാചകത്തിൽ, “എങ്കിലും” എന്നത് ഉപേക്ഷിച്ചും, “അങ്ങിനെയായിരുന്നില്ല” എന്നതിന്റെ സ്ഥാനം മാറ്റിയും വാക്യദൃഢത വർദ്ധിപ്പിക്കാം.
“അവൾ ഭംഗിയായി രാഗം ആലപിച്ചു; അങ്ങിനെയായിരുന്നില്ല അയാൾക്കു തോന്നിയത്”.
ഒന്നുകൂടി എഡിറ്റുചെയ്താൽ:
“അവൾ ഭംഗിയായി രാഗം ആലപിച്ചു; അങ്ങിനെയല്ല അയാൾക്കു തോന്നിയത്”.
വേറെ ഉദാഹരണം:
“ആവശ്യംകഴിഞ്ഞാൽ ചാരനെ വെടിവെച്ചുകൊല്ലും; പക്ഷേ, പ്രശ്നങ്ങൾ എന്നിട്ടും തീരുന്നില്ല”.
തിരുത്തിയ രൂപം:
“ആവശ്യംകഴിഞ്ഞാൽ ചാരനെ വെടിവെച്ചുകൊല്ലും; എന്നിട്ടും (പക്ഷേ) പ്രശ്നങ്ങൾ തീരുന്നില്ല”.

### (VI) സന്ധിവഴി ലഭിക്കുന്ന കൃശരൂപം സ്വീകരിക്കൽ:

ലോപസന്ധിയിലും ആദേശസന്ധിയിലും ചിലപ്പോൾ രണ്ടുരൂപങ്ങൾ സിദ്ധിക്കും: അക്ഷരബാഹുല്യമുള്ളതും ഇല്ലാത്തതും. ഇതിൽ കുറവക്ഷരമുള്ളത് സ്വീകാര്യം. താഴത്തെ ഉദാഹരണങ്ങളിൽ രണ്ടാമത്തെ അക്ഷരം സ്വരത്തിൽ തുടങ്ങുന്നു.

കണ്ടു + എങ്കിൽ = ~~കണ്ടുവെങ്കിൽ~~/കണ്ടെങ്കിൽ
കണ്ടു + എന്ന് = ~~കണ്ടുവെന്ന്~~/കണ്ടെന്ന്
കണ്ടു + ഓ = ~~കണ്ടുവോ~~/കണ്ടോ
പോട്ടെ + അവൻ = ~~പോട്ടെയവൻ~~/പോട്ടവൻ
പറയാതെ + അറിയുന്നു = ~~പറയാതെയറിയുന്നു~~/പറയാതറിയുന്നു
പപ്പന്റെ + അച്ഛൻ = ~~പപ്പന്റെയച്ഛൻ~~/പപ്പന്റച്ഛൻ
വരും + ആൻ = ~~വരുവാൻ~~/വരാൻ
ഇതേപോലെ, ~~പോകുവാൻ~~/പോകാൻ; ~~തരുവാൻ~~/തരാൻ; ~~പോയയൊരു~~/പോയൊരു.

### (VII) “ഒരു”വിന്റെ അനാവശ്യ ഉരുവിടൽ:

“ഇന്ന് ഒരു പത്രം വായിച്ചു” എന്നത് രണ്ടു പത്രങ്ങൾ വായിച്ചുവെന്നു (വായിച്ചെന്നു) ഉദ്ദേശിക്കുന്നില്ലെങ്കിൽ “ഇന്ന് പത്രം വായിച്ചു” എന്നുമതി. ഈ ദോഷവും അന്യഭാഷ കുത്തിവെച്ചതുതന്നെ!

### (VIII) ഞാൻ/എന്റെ; നീ/നിന്റെ; എന്നെ/തന്റെ:

പലപ്പോഴും ഇവയിൽ ഒന്നുമതി.
~~എന്റെ~~ പഠനക്കാര്യം എന്നെ അലട്ടിയിരുന്നില്ല.
നീ എപ്പോൾ ~~നിന്റെ~~ ക്ലാസ്സിൽ പോകും?
അവൾ എന്നെ ~~തന്റെ~~ ആൽബം കാണിച്ചു.

## 7. കർമ്മണിപ്രയോഗങ്ങൾ:

ഭാഷാന്തരീയം നടത്തുമ്പോളാണ് കർമ്മണിപ്രയോഗം അധികം കടന്നുകൂടുന്നത്. “രാവണൻ രാമനാൽ കൊല്ലപ്പെട്ടു” എന്ന പ്രശസ്ത കർമ്മണിരൂപം മലയാളത്തിന്റെ ജീനിയസ്സിനു ഉചിതമല്ലെന്നാണ് കാലാകാലങ്ങളായുള്ള കണ്ടെത്തൽ. റോയിട്ടേഴ്സും, പി.ടി.ഐ.യും ഇംഗ്ലീഷിലയച്ച വാർത്താസന്ദേശം മലയാളത്തിലാക്കിയ, തലക്കെട്ടിലൂടെയും റിപ്പോട്ടിങ്ങിലൂടെയും ശൈലിയെ മലിനപ്പെടുത്തിയ, പണ്ടത്തെ കൊച്ചുപത്രപ്രവർത്തകരുടെ ദു:സ്വാധീനത്തിൽനിന്ന് മോചനം എളുപ്പമല്ല! തങ്ങൾ പറഞ്ഞ നുണയുടെ പത്രറിപ്പോർട്ടുവായിച്ച് അത് വിശ്വസിക്കാൻ തുടങ്ങിയ രാഷ്ട്രീയക്കാർപോലുമുണ്ടെന്നു പറയാറില്ലേ? തൊണ്ണൂറുശതമാനംപേരും വായിച്ചുവളരുന്നത് പത്രങ്ങളിലൂടെയാണല്ലോ!

## 8. നിയമഭാഷയും ആധാരഭാഷയും:

വ്യക്തത വർദ്ധിപ്പിക്കാനെന്ന ഭാവേനെ വളച്ചുകെട്ടലിൽ നമ്മെ കുടുക്കിയ പണ്ടത്തെ നിയമഭാഷയും ആധാരഭാഷയും വായിച്ചവർക്കറിയാം, ഇന്നത്തെ ശൈലിപോലും അതിൽ കുരുങ്ങിക്കിടക്കുന്നെന്ന്. ഇംഗ്ലീഷിലുള്ള പഴയ പേറ്റന്റുകൾ വായിച്ചവർ വിശ്വസിച്ചേക്കാം, ഐൻസ്റ്റൈൻ പേറ്റന്റ് ആപ്പിസ്സിലെ ജോലി ഉപേക്ഷിക്കാനുള്ള പറയപ്പെടാത്ത ഒരു കാരണം വൈകൃത ഭാഷാപ്പഴമയിൽനിന്ന് രക്ഷപ്പെടാനുള്ള മോഹമായിരുന്നെന്ന്!

## 9. ഉപസംഹാരം:

തിരുത്തലിന്റെ ലോകത്തേക്കു ഒരെത്തിനോട്ടം മാത്രമാണ് ഈ ലേഖനം. വേറെയും ഭാഷാ പ്രശ്നങ്ങൾ നിരവധി!

തർജ്ജമ ചെയ്യുമ്പോൾ, ഒരു പക്ഷേ, അന്യഭാഷയുടെ അർത്ഥപ്രപഞ്ചത്തിലേക്കു കടക്കാൻ നീക്കുപോക്കുകൾ ആവശ്യമായേക്കാം.

അപ്രതീക്ഷിത അർത്ഥഭാവതലങ്ങൾ സൃഷ്ടിക്കുന്ന സർഗ്ഗാത്മകതയുടെ അത്ഭുതപ്രപഞ്ചം നഷ്ടമാക്കാത്ത രീതിയിലായിരിക്കണം തിരുത്തലുകൾ.
“ഞാൻ എന്റെ കണ്ണുകൾകൊണ്ട് കണ്ടതല്ലേ!” എന്ന വാക്യം ഒറ്റയ്ക്കെടുത്താൽ, ഒരുപക്ഷേ, “ഞാൻ/എന്റെ”, “കണ്ണുകൾകൊണ്ട്” എന്നിവ അധികപ്പറ്റെന്നു തോന്നാം. എന്നാൽ, “ഞാൻ തന്നെയാണ് കണ്ടത്” എന്ന നിശ്ചയദാർഢ്യം കലർന്ന ഊന്നലിനു അടിവരയിടാൻ ഇത്തരം തൊങ്ങലുകൾ അനിവാര്യമാണ് (അനിവാര്യം).

പന്മന, ഈ പ്രതിഭാസത്തെ “ഗുണകരമായ ആവർത്തനം” എന്നു പേരിട്ടിരിക്കുന്നു – രണ്ട് ഉദാഹരണങ്ങൾ സഹിതം:
(1) “അവൻ വന്ന വരവ് ഒന്ന് കാണേണ്ടതായിരുന്നു”.
(2) “അപ്പോൾ അദ്ദേഹം എന്നെയൊരു നോട്ടംനോക്കി”.

അതിനാൽ, ആകെയുള്ള അർത്ഥതലവും തിരുത്തുന്നതിനുമുമ്പ് കണക്കാക്കേണ്ടതാണ് (കണക്കാക്കണം). ഒറ്റപ്പെട്ട വാചകം തിരുത്തുന്നത് വേറെ കാര്യം!

ശ്രദ്ധിച്ചാൽ, എഴുത്തുകാരന് അനാവശ്യപ്പദമേദസ്സു വലിച്ചുകളഞ്ഞു വാക്യങ്ങൾക്ക് ഊർജ്ജോജസ്സു പകരാൻ കഴിയുമെന്ന “നീട്ടിപ്പറയലായിരുന്നു” ഈ ലേഖനം! ഓർമ്മപുതുക്കാൻ (ഒരു) സഹായഹസ്തം!

*****************************************************************************************************